# Malayala Manorama

# 28 August 2018

# Muvattupuzha, After Flood, Traders, Seek Help to Recover

## നിവരാൻ സഹായം തേടി മൂവാറ്റുപുഴയിലെ വ്യാപാരികൾ

മൂവാറ്റുപുഴ ● പ്രളയം വരുത്തിയ സർവനാശത്തിൽ തരിച്ചുനിൽക്കുകയാണു മൂവാറ്റുപുഴയിലെ വ്യാപാരികൾ. ബക്രീദും ഓണവും മുന്നിൽ കണ്ടു സംഭരിച്ച ചരക്കെല്ലാം നശിച്ചു. വ്യാപാരികൾ മിക്കവരും കടക്കെണിയിലുമായി. നാശം നേരിൽ കാണാൻ മടിച്ചു പലരും വീട്ടിൽ തന്നെ കഴിച്ചു കൂട്ടുന്നു.

മൂവാറ്റുപുഴയിൽ വ്യാപാര മേഖലയിൽ കുറഞ്ഞത് 75 കോടി രൂപയുടെ നഷ്ടം ഉണ്ടായതായി മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് അജ്മൽ ചക്കുങ്കൽ പറഞ്ഞു. നെഹ്റു പാർക്കു മുതൽ മാർക്കറ്റ് വരെയുള്ള ഭാഗത്തെ വ്യാപാരശാലകളിൽ മാത്രം 40 കോടി രൂപയുടെ നഷ്ടമുണ്ടായിട്ടുണ്ട്. ഇവിടെയാണ് മൊത്ത വ്യാപാരികൾ പ്രധാനമായും കേന്ദ്രീകരിച്ചിരിക്കുന്നത്. അരി മൊത്തക്കച്ചവടക്കാർക്കു മാത്രം 28 കോടിയുടെ നഷ്ടമാണുണ്ടായിരിക്കുന്നത്. വെള്ളം കയറി പല കടകളും ഭാഗികമായി തകർന്നു. 2013ൽ വെള്ളപ്പൊക്കമുണ്ടായപ്പോൾ വ്യാപാരികൾക്കുണ്ടായ നഷ്ടങ്ങൾ പരിഹരിക്കാൻ നടപടിയുണ്ടാകുമെന്നു പ്രഖ്യാപിച്ചിരുന്നുവെങ്കിലും ആർക്കും ഒന്നും ലഭിച്ചിരുന്നില്ല.

അന്നുണ്ടായതിനേക്കാൾ മൂന്നിരട്ടി ആഘാതമാണ് ഇത്തവണത്തെ വെള്ളപ്പൊക്കത്തിലുണ്ടായിരിക്കുന്നത്. വ്യാപാരികളിൽ നിന്നു സർക്കാർ വിവിധ തലങ്ങളിലും നഗരസഭയുടെ നേതൃത്വത്തിലും ഈടാക്കുന്ന നികുതികളിൽ ഇളവു വരുത്തണമെന്നു വ്യാപാരികൾ ആവശ്യപ്പെട്ടു. ധനകാര്യ സ്ഥാപനങ്ങളിൽ നിന്നെടുത്തിട്ടുള്ള വായ്പകൾ തിരിച്ചടയ്ക്കാനും സാവകാശം നൽകണമെന്നും അപേക്ഷിക്കുന്നു.